**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനർ ശ്രീമതി സബിതാമിനി സി കെ - സീനിയർ ടൗൺ പ്ലാനറുടെ പൂർണ്ണ അധികച്ചുമതല വഹിച്ചതിനുള്ള ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ) നം.3266/2018/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം 29/12/2018**

---

പരാമർശം:- 1. 20.01.2016 ലെ സ.ഉ.(സാധാ) നം. 7/16/ധന.

2. മുഖ്യനഗരാസൂത്രകന്റെ 23.10.2018 ലെ എ 3/7060/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ സീനിയർ ടൗൺ പ്ലാനറായി സേവനമനുഷ്ഠിച്ചുവരവേ ശ്രീമതി കെ.എസ് ഗിരിജയെ തിരുവനന്തപുരം വികസന അതോറിറ്റിയിൽ സെക്രട്ടറിയായി ഡെപ്യൂട്ടേഷനിൽ നിയമിക്കുകയും ടിയാൾ ടി തസ്തികയിൽനിന്നും വിടുതൽ ചെയ്തതിനെത്തുടർന്ന് 15.06.2017 മുതൽ 29.11.2017 വരെ ടി തസ്തികയുടെ പൂർണ്ണ അധികച്ചുമതല ടൗൺ പ്ലാനർ ശ്രീമതി സബിതാമിനി സി.കെയ്ക്ക് നൽകിയിരുന്നതായും ടി അധികച്ചുമതല വഹിച്ചിരുന്നതിന് അർഹമായ ചാർജ്ജ് അലവൻസ് അനുവദിച്ച് നൽകണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ടൗൺ പ്ലാനർ ശ്രീമതി സബിതാമിനി സി.കെ സീനിയർ ടൗൺ പ്ലാനറുടെ പൂർണ്ണ അധികച്ചുമതല വഹിച്ചിരുന്ന 15.06.17 അപരാഹ്നം മുതൽ 29.11.17 പൂർവ്വാഹ്നം വരെയുള്ള കാലയളവിലേയ്ക്ക് സീനിയർ ടൗൺ പ്ലാനറുടെ ശമ്പളസ്കെയിലിന്റെ (85000-117600) മിനിമം തുകയായ 85000 രൂപയുടെ 4% തുക ഒന്നാമത് പരാമർശിച്ച ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ചാർജ് അലവൻസായി മൂന്ന് മാസത്തേക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എസ്. മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി സബിതാമിനി, ടൗൺ പ്ലാനർ,
നഗരഗ്രാമാസൂത്രണ വകുപ്പ്. (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ